## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5158** **14-03-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ തുടങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഏതൊക്കെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് സ്കിൽ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ഗവ. വി.എച്ച്.എസ്.എസ്, കുഞ്ചത്തൂർ സ്കൂളിലാണ് സ്കിൽ ഡവലപ്മെന്റ് സെന്റർ ആരംഭിക്കുന്നത്.** |
| (ബി) | പ്രസ്തുത സ്കിൽ ഡെവലപ്മെന്റ് സെന്ററിൽ ഏതൊക്കെ കോഴ്സുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും ആർക്കൊക്കെ ടി കോഴ്സുകൾക്ക് ചേർന്ന് പഠിക്കാൻ കഴിയുമെന്നും കോഴ്സുകളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (ബി) | **പ്രസ്തുത സ്കൂളിൽ ഇലക്ട്രീഷ്യൻ - Domestic Solution, ഫിറ്റ്നസ് ട്രയിനർ എന്നീ കോഴ്സുകൾ തുടങ്ങുന്നതിനാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പത്താംക്ലാസ്സ് പാസ്സായ 15നും 20നും ഇടയിൽ പ്രായമുള്ള എല്ലാവർക്കും 'ടി' കോഴ്സുകളിൽ ചേർന്ന് പഠിക്കാൻ കഴിയുന്നതാണ്. 6 മാസം മുതൽ 1 വർഷം വരെയുള്ള ഡിപ്ലോമ കോഴ്സുകളാണ് ഇവ. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് എൻ.എസ്.ക്യൂ.എഫ് അംഗീകാരമുള്ള ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.** |
| (സി) | പ്രസ്തുത കോഴ്സുകൾ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ; | (സി) | 2023-24 സാമ്പത്തിക വർഷത്തിൽ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു |
| (ഡി) | ജി.വി.എച്ച്.എസ്.എസ്. ഹേരൂർ മീപ്രി സ്കൂളിൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ 2023-24 വർഷം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ